(സി) ധനകാര്യ വകുപ്പിന്റെ ശിപാർശ പ്രകാരം പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൊല്ലപ്പെട്ട ആദിവാസി ജോഗിയുടെ ആശ്രിതർക്ക് സർക്കാർ നിയമനം

130 [1816] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുത്തങ്ങയിൽ ആദിവാസി സമരത്തെത്തുടർന്ന് കൊല്ലപ്പെട്ട ജോഗിയുടെ കുടുംബത്തിലാർക്കെങ്കിലും സർക്കാർ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിഗണനയിലില്ല.

തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി

131 [1818] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ/ആദിവാസി കോളനികളിൽ 2001 ജൂൺ മുതൽ 2003 ഡിസംബർ വരെ എന്തൊക്കെ വികസന പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ നടപ്പിലാക്കിക്കഴിഞ്ഞു എന്ന് അറിയിക്കാമോ;

(സി) മലയോര-കുടിയേറ്റ മേഖലയായ തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ആദിവാസി കോളനികളിലെ വികസന പ്രവർത്തനങ്ങൾ

(i) കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ് കോളനിയിൽ 19 വീടുകളുടെ വയറിംഗിനായി 1000 രൂപ നിരക്കിൽ 19000 രൂപ അനുവദിച്ചു.

(ii) പുതുപ്പാടി പഞ്ചായത്തിലെ പയോണ കോളനിയിൽ കിണർ നിർമ്മിക്കുന്നതിനുവേണ്ടി 36,797 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly